LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികളുള്ള വീടുകൾക്ക് കണക്ഷൻ നൽകുവാൻ നടപടി

214(228) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓൺലൈൻ പഠനത്തിന് വൈദ്യുതി ആവശ്യമായതിനാൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികൾ ഉള്ള വീടുകൾക്ക് നിലവിലെ മാനദണ്ഡത്തിൽ ഇളവുവരുത്തി കണക്ഷൻ നൽകാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ തനതുഫണ്ടിൽ നിന്നും നൽകിവരുന്നു. ഓൺലൈൻ പഠനത്തിനായി വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികളുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വീടുകൾക്കും ഈ സൗജന്യം ബാധകമാണ്. അതോടൊപ്പം സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി വൈദ്യുതി എത്തിയിട്ടില്ലാത്ത ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഇവ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചുകണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളി കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 5-7-2021-ലെ ഗവണ്മെന്റ് ഉത്തരവ് G.O(Rt) No.87/2021/Power Department പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗവൺമെന്റ് ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.*

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത വീടുകൾ

215(229) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.